**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1459** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഡാറ്റാ ബാങ്കിലെ അപാകതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡാറ്റാ ബാങ്ക് തയ്യാറാക്കിയപ്പോൾ അപാകതകൾ സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ ഡാറ്റാ ബാങ്കുകളിൽ അപാകതകൾ കടന്നു കൂടിയിട്ടുണ്ട്. ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തി സംരക്ഷിക്കേണ്ട പല തണ്ണീർത്തടങ്ങളും നെൽവയലുകളും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാതെ വരികയും ഈ നിയമം നിലവിൽ വന്ന 2008-ന് മുമ്പ് ഭൗതികമായി തരം മാറ്റപ്പെട്ട ഭൂമികൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട് . 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലും ചട്ടങ്ങളിലും, ഡാറ്റാ ബാങ്കിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തുള്ള 1077 കൃഷി ഭവനുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കേണ്ടതായിട്ടുള്ള, 1061 കൃഷി ഭവനുകളിലും, തെറ്റുതിരുത്തൽ അപേക്ഷകൾ സ്വീകരിച്ച്, സ്ഥല പരിശോധനകളുടെയും ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ചുള്ള ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആവശ്യമുള്ളയിടങ്ങളിൽ പുനഃപ്രസിദ്ധീകരണമോ കോറിജന്റം നോട്ടിഫിക്കേഷനുകളോ, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന, ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം പ്രസിദ്ധീകരിച്ച ഡാറ്റ ബാങ്കിലെ ഉള്ളടക്കങ്ങളിൽ, ഇനിയും ആക്ഷേപമുള്ള ഏതൊരാൾക്കും, പ്രാദേശികതല നിരീക്ഷണ സമിതി മുൻപാകെയോ, ചട്ട പ്രകാരമുള്ള ഫോറം 5 - ൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരം അപേക്ഷകൾ ലഭിയ്ക്കുന്ന മുറയ്ക്ക് പരിഹാര നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | തിരുവമ്പാടി വില്ലേജിലെ ഇത്തരത്തിൽ അപാകതയുണ്ടെന്ന് പറയപ്പെടുന്ന ഡാറ്റാ ബാങ്ക് | (ബി) | തിരുവമ്പാടി പഞ്ചായത്തിൽ 2016 ഒക്ടോബർ 22-നാണ് ഡാറ്റാ ബാങ്ക് കേരള ഗസറ്റ് മുഖേന |

| | | | |
|---|---|---|---|
| | പുന:പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | വിജ്ഞാപനം ചെയ്തിട്ടുള്ളത്. തുടർന്ന്, 2018-ൽ, ആക്റ്റിലും ചട്ടങ്ങളിലും ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിലെ തെറ്റ് തിരുത്തലിനായി അപേക്ഷകൾ ലഭിയ്ക്കുകയുണ്ടായി. സ്ഥല പരിശോധനയുടേയും പ്രാദേശികതല നിരീക്ഷണ സമിതി യോഗത്തിന്റെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഏഴ് അപേക്ഷകരുടെ സ്ഥലങ്ങൾ ,വിജ്ഞാപനം ചെയ്ത ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കികൊണ്ട്, 2021 മാർച്ച് 17-ന് തെറ്റ തിരുത്തൽ (കോറിജന്റം) വിജ്ഞാപനം കേരള ഗസറ്റ് മുഖേന പുറപ്പെടുവിച്ചിട്ടുള്ളതാണ്. തിരുവമ്പാടി വില്ലേജിൽ ഇനിയും തിരുത്തേണ്ട അപാകതകൾ, ഡാറ്റാ ബാങ്കിൽ ഉള്ള പക്ഷം, ആയത് സംബന്ധിച്ച്, പ്രാദേശികതല നിരീക്ഷണ സമിതി മുൻപാകെയോ, ഫോം 5-ൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്കോ, അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം, സമയബന്ധിതമായി നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ